# ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വികലാംഗരായ പെൺകുട്ടികൾ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ

1. ചുരുക്കപ്പേര്:

ഈ നിബന്ധനകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വികലാംഗരായ പെൺമക്കളു വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ എന്ന പേ അറിയപ്പെടുന്നതാണ്.

2. ലക്ഷ്യങ്ങൾ:

വികലാംഗത്വംമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്ന പെൺകുട്ടികളു നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനായി രക്ഷകർത്താവായ അമ്മക അച്ഛനോ സാമ്പത്തികമായ സഹായം നൽകുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യ ഉദ്ദേശ്യവും.

3. വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും:

മറ്റ് നിയമങ്ങളിലോ ഉത്തരവുകളിലോ നൽകിയിട്ടുള്ള നിർവ്വചനങ്ങളു വ്യാഖ്യാനങ്ങളും എന്തൊക്കെയായിരുന്നാലും താഴെപ്പറയുന്ന വാക്കുകൾക്ക് ഇ നിബന്ധനകളെ സംബന്ധിച്ചിടത്തോളം ഇതിൽ നിർവ്വചിച്ചിട്ടുള്ള അർത്ഥവ്യാപ്തി മാത്ര ഉണ്ടായിരിക്കുകയുള്ളൂ.

1. വികലാംഗ/വികലാംഗൻ: 40% വികലാംഗത്വമുണ്ടെന്ന് മെഡിക്കൽ ബോർഡിൽ നിന്നും സാക്ഷ്യപത്രം ലഭിച്ച വ്യക്തി.

   *വിശദീകരണം: വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് ലഭിച്ചവരായിരിക്കണം.*

2. കുടുംബം: വികലാംഗയും അവരുടെ മാതാപിതാക്കളും, സഹോദരൻമാർ, സഹോദരിമാർ അടങ്ങിയത്.

3. വകുപ്പ്: കേരള സർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പ്.

4. ഉദ്യോഗസ്ഥൻ: ഈ നിബന്ധനകൾ അനുസരിച്ചുള്ള ജോലികൾ ചെയ്യുന്നതിന് സർക്കാരോ ഡിപ്പാർട്ടുമെന്റോ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ.

5. സഹായധനം: ഈ നിബന്ധനകൾ അനുസരിച്ച് വികലാംഗ പെൺകുട്ടികൾക്ക് വിവാഹത്തിനായി ഗവൺമെന്റ് നൽകുന്ന തുക.

4. അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:-

(1) അപേക്ഷകയായ വികലാംഗയുടെയും കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും കൂടിയുള്ള മൊത്തവരുമാനം 36,000/- രൂപയിൽ കൂടാൻ പാടില്ല.

(2) ധനസഹായത്തിന് അപേക്ഷിക്കുന്ന ദിവസം വിവാഹം കഴിക്കുന്ന പെൺകുട്ടിയ്ക്ക് [illegible] വയസ് പൂർത്തിയായിരിക്കണം.

(3) ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായധനം ഒരിക്കൽ ലഭിച്ചു കഴിഞ്ഞതിന് ശേഷം ഏതെങ്കിലും കാരണവശാൽ നിലവിലുള്ള നിയമപ്രകാരം വിവാഹബന്ധം വേർപ്പെടുത്തേണ്ടിവരികയും രണ്ടാമത് വിവാഹം അതേ പെൺകുട്ടിക്ക് കഴിക്കേണ്ടിവരികയും ആണെങ്കിൽ അത്തരത്തിലുള്ള രണ്ടാം വിവാഹത്തിനും സഹായധനം നൽകാവുന്നതാണ്. അങ്ങനെവരുമ്പോൾ മുൻഭർത്താവിൽ നിന്നും ലഭിക്കുന്ന കോമ്പൻസേഷനോ സംരക്ഷണചെലവോ കൂടി കണക്കിലെടുത്ത്കൊണ്ടാവണം കുടുംബവാർഷിക വരുമാനം കണക്കാക്കേണ്ടത്.

*കുറിപ്പ്:* *വിവാഹിതയാകാൻ പോകുന്ന പെൺകുട്ടി കേരളത്തിൽ സ്ഥിരതാമസക്കാരിയാണെങ്കിൽ മാത്രമേ ഈ പദ്ധതി അനുസരിച്ചുള്ള സഹായത്തിന് അപേക്ഷിയ്ക്കുവാൻ പാടുള്ളൂ.*

5. **അപേക്ഷിക്കേണ്ട വിധം:**

(1) ഇതിൻപ്രകാരം ഉള്ള ധനസഹായം ആവശ്യമുള്ള വികലാംഗ, ഈ നിബന്ധനകൾക്ക് അനുബന്ധമായി ചേർത്തിരിക്കുന്ന അപേക്ഷാ ഫാറത്തിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

(2) വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തിയതിക്ക് ഏറ്റവും കുറഞ്ഞത് ഒരു മാസത്തിന് മുമ്പെങ്കിലും അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

*വിശദീകരണം:പെൺകുട്ടി മുസ്ലീം സമുദായാംഗം ആണെങ്കിൽനിക്കാഹ്എന്ന മതാചാരപ്രകാരമുള്ള ചടങ്ങിന് ശേഷം നടക്കുന്ന കല്ല്യാണത്തിന്റെ തീയതിയാണ് അപേക്ഷയുടെ കാലാവധി നിശ്ചയിക്കുന്നതിന് കണക്കാക്കേണ്ടത്.*

*കുറിപ്പ്:-* *ഏതെങ്കിലും അപേക്ഷകർക്ക് മതിയായ കാരണങ്ങളാലാണ് ഈ സമയപരിധി പാലിക്കാൻ സാധിയ്ക്കാതെ വന്നതെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്നതായാൽ അവരുടെ അപേക്ഷകളിന്മേൽ നിബന്ധന അയവ് വരുത്തി തീരുമാനമെടുക്കാൻ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.*

6. **അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ:**

1. റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

2. ഐഡന്റിറ്റി കാർഡ് (വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ്)

3. പെൺകുട്ടിയുടെ കുടുംബവരുമാനത്തെ സംബന്ധിച്ച ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്.

4. വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിയുടെ ജനനതീയതി തെളിയിക്കുന്നതിന് സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെയോ, സ്കൂൾ സർട്ടിഫിക്കറ്റിന്റെയോ പകർപ്പോ ബന്ധപ്പെട്ട ജനനമരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റോ

കുറിപ്പ്: *ജനന മരണ രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെടുകയോ, സ്കൂളിൽ ചേർക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത പെൺകുട്ടി കളുടെ കാര്യത്തിൽ ഗവൺമെന്റ് മെഡിക്കൽ (അലോപ്പതി) ഓഫീസറുടെ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കാവുന്നതാണ്.*

7. **സഹായതുക:**

ഈ പദ്ധതി പ്രകാരം നൽകുന്ന സഹായം 10,000/- രൂപയായിരിക്കും.

8. **സഹായധനം നൽകുന്നതിനുള്ള ഉത്തരവ്:**

(1) ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായതുക നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ധനസഹായത്തിനുള്ള അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ അവയെ ആവശ്യമായ അന്വേഷണം നടത്തിയശേഷം ധനസഹായം അനുവദിക്കുന്നതിനായി സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

*കുറിപ്പ്:-അപേക്ഷകരുടെ വീഴ്ചമൂലമല്ലാതെ വരുന്ന കാലതാമസത്തിന് അവർ ഉത്തരവാദികളല്ലാ ത്തതിനാൽ അങ്ങനെയുള്ള കേസ്സുകളിൽ വിവാഹം നടന്ന് കഴിഞ്ഞശേഷവും ധനസഹായം നൽകാവുന്നതാണ്.*

(3) സാമൂഹ്യക്ഷേമ ഡയറക്ടർ ഹർജി തള്ളിയ കേസുകളിൽ സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിക്ക് പുനപരിശോധന ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. അത്തരം കേസുകളിൽ ബന്ധപ്പെട്ട രേഖകൾ സ്വമേധയാലോ ബന്ധപ്പെട്ട വികലാംഗന്റെ ഹർജിയിന്മേലോ പരിശോധിച്ച് ധനസഹായം നിരസിച്ചത് തെറ്റായ നിഗമനത്തിലാണ് എന്നും കക്ഷി യഥാർത്ഥത്തിൽ ധനസഹായത്തിന് അർഹതയുള്ള ആളാണെന്നും സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിക്ക് ബോദ്ധ്യം വരുന്നപക്ഷം ധനസഹായം അനുവദിക്കാൻ സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്ന താണ്.

9. എഗ്രിമെന്റ്:

ഉത്തരവ് ലഭിച്ചുകഴിഞ്ഞാൽ അപേക്ഷക ഇതിൽ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന ഫാറത്തിൽ ഒരു എഗ്രിമെന്റ് ഗവൺമെന്റിനുവേണ്ടി സമർപ്പിക്കേണ്ടതാണ്.

10. നിശ്ചയിച്ച വിവാഹത്തിന് തടസ്സം നേരിട്ടാൽ:

ഏതെങ്കിലും കാരണവശാൽ മേൽ നിശ്ചയിച്ച പ്രകാരമുള്ള തീയതിക്ക് വിവാ നടത്താൻ തടസ്സം നേരിട്ടാൽ ആ വിവരം ഉടനെതന്നെ ജില്ലാ സാമൂഹ്യക്ഷേമ ഓഫീ രേഖാമൂലം അറിയിക്കേണ്ടതും ഡിപ്പാർട്ടുമെന്റിൽ നിന്ന് ലഭിച്ച തുക തിരിച്ചടക്കേണ്ടതുമാ

(1) വിവാഹതീയതി താല്ക്കാലികമായിട്ട് മാത്രമാണ് മാറ്റിവയ്ക്കപ്പെട്ടതെങ്കിൽ വിവരവും അടുത്ത വിവാഹം നടത്താൻ തീരുമാനിച്ച തീയതിയും പ്രതിശ്രുത വര അദ്ദേഹത്തിന്റെ പിതാവും (പിതാവ് ജീവിച്ചിരിപ്പില്ലെങ്കിൽ കാരണവരോ, അതുപോലുള്ള സ്ഥാനീയനോ) കൂടി ഡയറക്ടർക്ക് രേഖാമൂലം എഴുതിക്കൊടുക്കുകയാണെങ്കിൽ അങ്ങനെ വീണ്ടും വിവാഹത്തിനായി നിശ്ചയിക്കപ്പെട്ട തീയതിവരെയും (അത് യാതൊരു കാര വശാലും ഒരു മാസത്തിൽ കവിയാൻ പാടില്ല). സഹായധനം തിരിച്ചടയ്ക്കുന്നതിൽ നിന്ന താല്ക്കാലികമായി ഒഴിവാക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടർക്ക അധികാരമുണ്ടായിരിക്കുന്നതാണ്.

11. വിവാഹം നടന്നത് സംബന്ധിച്ച സർട്ടിഫിക്കറ്റ്:

വിവാഹം കഴിഞ്ഞാൽ 30 ദിവസത്തിനകം അതിനുള്ള തെളിവാ താഴെപ്പറയുന്നവരിൽ നിന്നാരിൽ നിന്നെങ്കിലും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് സഹായധന അനുവദിച്ച ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. സബ് രജിസ്ട്രാർ, പഞ്ചായത്ത് പ്രസിഡന്റ്, ഗവൺമെന്റ് അംഗീകാരമുള്ള മിശ്രവിവാഹ സംഘടന, ക്ഷേത്രം, പള്ളി എന്നിവയിലെ മേലധികാരി, നായർ സർവ്വീസ് സൊസൈറ്റി, കരയോഗം, ശ്രീനാരായണ ധർമ്മപരിപാലന യോഗം ശാഖ തുടങ്ങിയ സംഘടനകളുടെ സെക്രട്ടറി.

12. വിനിയോഗ സർട്ടിഫിക്കറ്റ്:

മുകളിൽ 14 ൽ പറഞ്ഞിരിക്കുന്ന വിധം സർട്ടിഫിക്കറ്റ് കിട്ടികഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ സഹായധനം ഉപയോഗിച്ച് വിവാഹം നടന്നതായുള്ള ഒരു റിപ്പോർട്ട് മാസത്തിനകം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിൽ നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തിലും നൽകിയിട്ടുള്ള ധനസഹായങ്ങളുടെ വിനിയോഗത്തിനുള്ള സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലി അയച്ചുകൊടുക്കേണ്ടതാണ്.

13. ഈ പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സർക്കാരിന് അധികാര മുണ്ടായിരിക്കും

അനുബന്ധം - ഒന്ന്

## ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വികലാംഗരായ പെൺകുട്ടികൾക്ക്

## വിവാഹ ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകയുടെ പേരും മേൽവിലാസവും :
2. രക്ഷകർത്താവിന്റെ പേര്, പൂർണ്ണമായ മേൽവിലാസം :
3. അപേക്ഷകയുടെ വയസ്, ജനന തീയതി, തൊഴിൽ, പ്രതിശീർഷ വരുമാനം :
4. രക്ഷകർത്താവിന്റെ തൊഴിൽ, പ്രതിശീർഷ വരുമാനം :
5. വിവാഹം തീർച്ചപ്പെടുത്തിയിട്ടുള്ള പ്രതിശ്രുത വരന്റെ പേരും, മേൽവിലാസവും :
6. പ്രതിശ്രുത വരന്റെ തൊഴിൽ :
7. ആവശ്യപ്പെടുന്ന സഹായധനം :
8. വിവാഹം നടത്താൻ നിശ്ചയിച്ചിട്ടുള്ള തീയതിയും വിവാഹ സ്ഥലവും :

അപേക്ഷകയുടെ ഒപ്പ് :

രക്ഷകർത്താവിന്റെ ഒപ്പ്:

സ്ഥലം :
തീയതി :